"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ വള്ളിക്കുന്നം അമൃത ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി-ജൂനിയർ/എച്ച്.എസ്.എസ്.ടി നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയെ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3915/2026/GEDN    തീയതി,തിരുവനന്തപുരം, 11-06-2026

---

പരാമർശം:- 1) 20.06.2025 ലെ സ.ഉ.(സാധാ)നം.4048/2025/പൊ.വി.വ.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.04.2026 ലെ HSE/7704/2026-Acd C1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം അമൃത ഹയർ സെക്കന്ററി സ്കൂളിൽ ചുവടെ ചേർത്തിട്ടുള്ള എച്ച്.എസ്.എസ്.ടി-ജൂനിയർ/എച്ച്.എസ്.എസ്.ടി തസ്തികകളിൽ നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പാനലിൽ ഉൾപ്പെട്ട പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ.ജയറാംകുമാർ.ആർ (Secretary, Non Resident Indian's (Keralites) Commission, 6th Floor, Norka Centre, Thycaud, Thiruvananthapuram) നെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകകയുണ്ടായി.

| ക്രമ നം. | തസ്തിക | ഒഴിവ് വന്ന തീയതി | ഒഴിവ് വന്ന വിധം | നിയമന രീതി |
|---|---|---|---|---|
| 1. | എച്ച്.എസ്.എസ്.ടി-ജൂനിയർ (കൊമേഴ്സ്) | 02.06.2023 | എച്ച്.എസ്.എസ്.ടി-ജൂനിയർ (കൊമേഴ്സ്) ശ്രീമതി പ്രീത.എസ്.ചന്ദ്രന് 01.06.2023 മുതൽ പ്രൊമോഷൻ ലഭിച്ചതുമൂലം | നേരിട്ട് |
| 2. | എച്ച്.എസ്.എസ്.ടി (ബോട്ടണി) | 01.06.2023 | എച്ച്.എസ്.എസ്.ടി (ബോട്ടണി) ശ്രീമതി പ്രീയ ബി നായർ 31.05.2023 ൽ വിരമിച്ചതുമൂലം | നേരിട്ട് |
| 3. | എച്ച്.എസ്.എസ്.ടി (ഫിസിക്സ്) | 01.06.2024 | എച്ച്.എസ്.എസ്.ടി-ഫിസിക്സ് (പ്രിൻസിപ്പാൾ) ശ്രീ.അജിത്ത് കുമാർ.എൻ 31.05.2024 ൽ | നേരിട്ട് |

| | | | | |
|---|---|---|---|---|
| | | | വിരമിച്ചതുമൂലം | |
| 4. | എച്ച്.എസ്.എസ്.ടി (മാത്സ്) | 01.06.2025 | എച്ച്.എസ്.എസ്.ടി (മാത്സ്) ശ്രീ.നരേന്ദ്രനാഥ് 31.05.2025 ൽ വിരമിച്ചതുമൂലം | നേരിട്ട് |

2. വള്ളിക്കുന്നം അമൃത ഹയർ സെക്കന്ററി സ്കൂളിൽ 2024-25 വർഷം ഉണ്ടായ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം), എച്ച്.എസ്.എസ്.ടി (സുവോളജി) ഒഴിവുകൾ ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിരിക്കുന്നുവെന്നും ടി രണ്ട് ഒഴിവുകൾ സമന്വയ പോർട്ടലിൽ പരിശോധിച്ച് ഉറപ്പുവരുത്തുകയും ജില്ലാതല സമിതിയ്ക്കു റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 5 ജൂനിയർ തസ്തികയാണുള്ളതെന്നും ആയതു പരിശോധിച്ചതിൽ ബൈ ട്രാൻസ്ഫർ ക്വാട്ട പൂർത്തീകരിച്ചതായി കാണുന്നുവെന്നും 2023-2024 അധ്യയന വർഷത്തെ ആദ്യ ഒഴിവ് എച്ച്.എസ്.എസ്.ടി സീനിയർ ബോട്ടണി തസ്തികയിലാണെന്നും ബോട്ടണിയ്ക്ക് ജൂനിയർ തസ്തിക നിലവിലില്ലെന്നും 01/01/2023 തീയതിയിലെ അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ബോട്ടണി തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിനു യോഗ്യതയുള്ള ആരും ഉള്ളതായി കാണുന്നില്ലെന്നും, 2024-2025 അധ്യയന വർഷത്തെ ആദ്യ ഒഴിവുകൾ എച്ച്.എസ്.എസ്.ടി (ഫിസിക്സ്), എച്ച്.എസ്എസ്.ടി (സുവോളജി) എന്നിവയാണെന്നും ടി രണ്ട് വിഷയങ്ങൾക്കും ജൂനിയർ തസ്തിക നിലവിലില്ലെന്നും, 01/01/2023 തീയതിയിലെ അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ എച്ച്.എസ്.എസ്.ടി (ഫിസിക്സ്) തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനു യോഗ്യതയുള്ള ആരും ഉള്ളതായി കാണുന്നില്ലെന്നും ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.ടി (സുവോളജി) തസ്തികയിൽ നിലവിൽ യോഗ്യതയുള്ള ശ്രീമതി. സിനി റ്റി പി യുടെ പരിത്യാജപത്രം സമർപ്പിച്ചിട്ടുണ്ടെന്നും, 2025-2026 അധ്യായന വർഷത്തെ ഒഴിവ് എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിലാണെന്നും എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തിക ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിരിക്കുന്നുവെന്നും 01/01/2023 ലെ അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ഗണിതം തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനു യോഗ്യതയുള്ള ശ്രീമതി.രാജി.വി യുടെ പരിത്യാജപത്രം സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ തസ്തികകളിലെ അധ്യാപക നിയമനത്തിന് സർക്കാർ നോമിനിയായി നിയോഗിക്കുന്നതിനായി ശ്രീ.ജയറാംകുമാർ.ആർ, അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (Secretary, Non Resident Indian's (Keralites) Commission, 6th Floor, Norka Centre, Thycaud, Thiruvananthapuram) സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവ് സംജാതമായിട്ടുള്ള സാഹചര്യത്തിലും, തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ള അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിലും, വള്ളിക്കുന്നം അമൃത ഹയർ സെക്കന്ററി സ്കൂളിലെ മേൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (കൊമേഴ്സ്), എച്ച്.എസ്.എസ്.ടി-ജൂനിയർ (ബോട്ടണി), എച്ച്.എസ്.എസ്.ടി (ഫിസിക്സ്), എച്ച്.എസ്.എസ്.ടി (ഗണിതം) എന്നീ തസ്തികകളിലെ ഒഴിവിലേയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളുടെയും കെ.ഇ.ആർ അദ്ധ്യായം XXXII ലെ ചട്ടങ്ങൾ പാലിച്ചും നിയമനം നടത്തുന്നതിനായി അധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പാനലിൽ 37-ാം ക്രമനമ്പരായി പേര് ഉൾപ്പെട്ടിട്ടുള്ള ശ്രീ.ജയറാംകുമാർ.ആർ,

അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (Secretary, Non Resident Indian's (Keralites) Commission, 6th Floor, Norka Centre, Thycaud, Thiruvananthapuram) നെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കെ.ഇ.ആർ അദ്ധ്യായം XXXII ലെ ചട്ടങ്ങൾ, ഒഴിവുകൾ സംബന്ധിച്ച കൃത്യത, ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടെന്നും നിയമനാംഗീകാരം നൽകുന്നതിന് മുൻപ് ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

5. സെലക്ഷൻ പ്രക്രിയ സംബന്ധിച്ചുള്ള റിപ്പോർട്ട് ഇന്റർവ്യൂ തീയതി മുതൽ 15 ദിവസത്തിനകം സർക്കാർ പ്രതിനിധി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, ചെങ്ങന്നൂർ
മാനേജർ, അമൃത ഹയർ സെക്കന്ററി സ്കൂൾ, വള്ളിക്കുന്നം, ആലപ്പുഴ.
ശ്രീ.ജയറാംകുമാർ.ആർ, അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(O/D as Secretary, Non Resident Indian's (Keralites) Commission, 6th Floor, Norka Centre, Thycaud, Thiruvananthapuram).
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Aneesh Kumar J
Date: 12-06-2026 14:41:07

സെക്ഷൻ ഓഫീസർ